# പത്രക്കുറിപ്പ് തിരുവനന്തപുരം റൂറൽ 12.08.20

തിരുവനന്തപുരം റൂറൽ പോലീസ് ജില്ലയിൽ കഴിഞ്ഞ 10 ദിവസമായി നടത്തിവരുന്ന കോവിഡ് -19 നിർമാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ കർശന പരിശോധനകളും നിയന്ത്രണങ്ങളുമാണ് ഏർപ്പെടുത്തി വരുന്നത്. കഴിഞ്ഞ 10 ദിവസത്തെ പരിശോധനകളുടെ ഭാഗമായി ജില്ലയിൽ ലോക്ക് ഡൌൺ നിയമലംഘനങ്ങൾക്കെതിരെ കേരള എപ്പിഡെമിക് ഡിസീസ് ഓർഡിനൻസ് 2020 പ്രകാരം 3572 ക്രൈം കേസുകൾ ചെയ്യിട്ടുള്ളതും നിയമലംഘനം നടത്തിയ 2807 പേരെ അറസ്റ്റ് ചെയ്യിട്ടുള്ളതുമാണ്. ഇത് കൂടാതെ സാമൂഹിക അകലം പാലിക്കാതിരുന്ന 1167 പേർക്കെതിരെയും പൊതുഇടങ്ങളിൽ മാസ്ക് ധരിക്കാതെ കണ്ട 4144 പേർക്കെതിരെയും പെറ്റി കേസുകൾ ചാർജ് ചെയ്യിട്ടുള്ളതാണ്. അനാവശ്യ യാത്രകൾ നടത്തിയ 282 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുള്ളതാണ്.

കോവിഡ്-19 നിർമാർജനപ്രവർത്തനങ്ങളുടെ ഭാഗമായി കോവിഡ് പോസിറ്റീവ് ആകുന്ന ആളുകളുടെ സമ്പർക്ക വിവരങ്ങൾ ശേഖരിക്കുന്നതിനായി സൈബർ സെല്ലിന്റെ സഹായത്തോടെ എല്ലാ സ്റ്റേഷനുകളിലും പ്രത്യേകം ടീമുകൾ രൂപീകരിച്ചു വിവര ശേഖരണം നടത്തുകയും, സമ്പർക്ക പട്ടികയിൽ ഉൾപെട്ടിട്ടുള്ളവരെയും വിദേശത്തുനിന്നും മറ്റു സംസ്ഥാനങ്ങളിൽനിന്നും വരുന്നവരെയും പ്രത്യേക നിരീക്ഷിക്കുന്നതിനായി സംഘങ്ങളായി തിരിഞ്ഞു വീടുകൾ സന്ദർശിക്കുകയും കൊറണ്ടൈയ്ൻ ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൊറണ്ടൈയ്ൻ പ്രോട്ടോകോൾ ലംഘനങ്ങൾ നടക്കാതിരിക്കാൻ ഡി. വൈ. എസ്സ്. പി. ശ്രീ എ പ്രമോദ് കുമാറിന്റെ നേതൃത്വത്തിൽ 24 മണികൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സൈബർസെല്ലിന്റെ സഹായത്തോടെ ജില്ലാ ആസ്ഥാനത്തു പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം റേഞ്ച് ഡെപ്യൂട്ടി ഇൻസ്‌പെക്ടർ ജനറൽ ശ്രീ. കെ. സഞ്ജയ് കുമാർ ഗുരുഡിൻ ഐ പി എസ്സിൻറെ കീഴിൽ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. ബി അശോകൻ ഐ പി എസ്സിൻറെ നേതൃത്വത്തിലാണ് ഈ ഊർജ്ജിത കോവിഡ് -19 നിർമാർജ്ജന പ്രവർത്തനങ്ങൾ തിരുവനന്തപുരം റൂറൽ ജില്ലയിൽ നടന്നു വരുന്നത്.




തിരുവനന്തപുരം റൂറൽ പോലീസ് ജില്ലയിൽ കോവിഡ്-19 നിർമാർജനപ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ നിയമ നടപടികളുടെ ഗ്രാഫ് ചുവടെ ചേർക്കുന്നു.

| COVID enforcement details Thiruvananthapuram Rural | | | | |
|---|---|---|---|---|
| Date | Cases REGD | Arrest | Mask Petty | Social distancing violation |
| 01.08.2020 | 169 | 154 | 263 | 0 |
| 02.08.2020 | 151 | 144 | 235 | 0 |
| 03.08.2020 | 149 | 133 | 217 | 0 |
| 04.08.2020 | 137 | 125 | 219 | 0 |
| 05.08.2020 | 175 | 138 | 243 | 0 |
| 06.08.2020 | 265 | 211 | 263 | 0 |
| 07.08.2020 | 700 | 511 | 893 | 321 |
| 08.08.2020 | 708 | 595 | 686 | 298 |
| 09.08.2020 | 565 | 401 | 579 | 269 |
| 10.08.2020 | 553 | 395 | 546 | 279 |

